This Question Paper consists of 10 questions 12 printed pages.

Roll No.
റോൾ നമ്പർ

**Code No. 69/SS/A/MM**
കോഡ് നമ്പർ

**Set / സെറ്റ്** A

# MALAYALAM
# മലയാളം
# (343)

Day and Date of Examination ..........................................................................
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ..........................................................................
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)
2. ..........................................................................

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തതിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തതിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചയിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ 69/SS/A/MM സെറ്റ് A എഴുതേണ്ടതാണ്.



Unnati Educations
9899436384, 9654279279

# MALAYALAM

# മലയാളം

# (343)

സമയം : 3 മണിക്കൂർ ] [ മാർക്ക് : 100

**നിർദ്ദേശങ്ങൾ** :

1. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നല്കിയിരിക്കുന്ന ഉത്തര പുസ്തകത്തിൽ നല്കേണ്ടതാണ്.
2. ഈ ചോദ്യപേപ്പർ വായിക്കാൻ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. 02.15 ന് ചോദ്യപേപ്പർ വിതരണം ചെയ്യും. 02.15 മുതൽ ഉച്ചയ്ക്ക് 02.30 വരെ, വിദ്യാർത്ഥികൾ ചോദ്യപേപ്പർ നന്നായി വായിക്കുക, ഈ കാലയളവിൽ ഉത്തര പുസ്തകത്തിൽ ഉത്തരമൊന്നും എഴുതരുത്.

**I.** *താഴെ കൊടുത്തിരിക്കുന്ന 20 ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. ഒരു മാർക്കുവീതം.* 1×20=20

**1.** 'വിട്ടയയ്ക്കുക' എന്ന കവിതയിലെ കിളിയെ പ്രലോഭിപ്പിക്കുന്നതെന്താണ്?

(A) താമരക്കൈ വീശുന്ന തടാകം

(B) പുതുവസ്ത്രമണിഞ്ഞ പുൽക്കൊടികൾ

(C) പുഞ്ചിരി തൂകുന്ന പൂക്കൾ

(D) നീലമേലാപ്പണിഞ്ഞ വാനിടം

**2.** കാലനില്ലാത്തകാലത്ത് നാടുവാഴി പ്രഭുക്കന്മാരുടെ സങ്കടം എന്തായിരുന്നു?

(A) വീട്ടിൽ കയറുന്ന കള്ളനെ വെട്ടിയാലും ചാകുന്നില്ല

(B) അമ്പലങ്ങളിലെ പൂജമുടങ്ങി

(C) ഭൂമിയിൽ ദുരാചാരം വർധിച്ചു

(D) വിശപ്പിനു മതിയായ ആഹാരം കിട്ടാതായി.



Unnati Educations
9899436384, 9654279279

**3.** കുരുക്ഷേത്ര യുദ്ധഭൂമിയിൽ നീലമലപോലെ മരിച്ചുകിടന്നതാര്?

(A) ദുശ്ശാസനൻ

(B) അഭിമന്യു

(C) ഘടോൽകചൻ

(D) ദുര്യോധനൻ

**4.** വെള്ളമേഘങ്ങളെ എന്തായിട്ടാണ് കവി സങ്കല്പിക്കുന്നത്?

(A) ത്യാഗത്തിന്റെ അടയാളം

(B) മാലാഖമാർ

(C) കുരിശ്ശ്

(D) ശാന്തിയുടെ ചിഹ്നം

**5.** ഇത്തിരി ചുവന്ന മുഖം കുനിച്ച് ചിത്രകവാടം കടന്നതാര്?

(A) മുത്തശ്ശി

(B) പച്ചക്കുതിരകൾ

(C) സൂര്യൻ

(D) ദേവേന്ദ്രൻ

**6.** 'ആയുധം കൈയിലേന്താതെ അടർക്കളമണഞ്ഞതും'- ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

(A) ശ്രീകൃഷ്ണൻ

(B) അർജുനൻ

(C) ഭീമൻ

(D) ദ്രോണർ



Unnati Educations
9899436384, 9654279279

**7.** ഓരോ അണുവും സുഖകരമായ വെളിച്ചത്തോടെ പ്രകാശിക്കുന്നതായി തോന്നി ഇത് ആരുടെ അനുഭവമാണ്?

(A) നിസാർ അഹമ്മദ്

(B) വെള്ളായിയപ്പൻ

(C) മാതേവൻ

(D) കുഞ്ഞുപാത്തുമ്മ

**8.** ഗാന്ധിജിയെ കുറിച്ചുള്ള വള്ളത്തോളിന്റെ കവിതയുടെ പേരെന്ത് ?

(A) ലോകമേ തറവാട്

(B) സാഹിത്യമഞ്ജരി

(C) എന്റെ ഗുരുനാഥൻ

(D) പ്രേമസംഗീതം

**9.** മനോജിന്റെ അമ്മയുടെ കണ്ണിൽ കെട്ടിയിരിക്കുന്ന ഇഴയടുപ്പമുള്ള വല എത്?

(A) ചിലന്തിവല

(B) മീൻവല

(C) തുണികൊണ്ടുള്ള വല

(D) സംശയത്തിന്റെ മാറാല

**10.** 'എനിക്ക് എത്ര അമൂല്യമാണെന്ന് നിങ്ങൾക്കറിയാമോ'? ഗോഘലയ്ക്ക് അമൂല്യമായതെന്ത് ?

(A) റാനഡെ സമ്മാനിച്ച തൂവാല

(B) റാനഡെ സമ്മാനിച്ച നേര്യത്

(C) ഗാന്ധിജി സമ്മാനിച്ച നേര്യത്

(D) നെഹ്റു സമ്മാനിച്ച റോസാപ്പൂവ്



Unnati Educations
9899436384, 9654279279

**11.** ഉതുപ്പാന്റെ കിണറിനെ കുറിച്ച് ഇപ്പോഴും മറക്കാത്തവർ ആരാണ്?

(A) വെള്ളം കോരികുടിച്ച വീട്ടമ്മമാർ

(B) വാഹനം കഴുകുന്നവർ

(C) കിണറ്റിൽ കല്ലിട്ടു കളിക്കുന്ന കുട്ടികൾ

(D) കന്നുകാലികളെ കുളിപ്പിക്കുന്ന നാട്ടുകാർ

**12.** കടൽത്തീരത്ത് എന്ന കഥയിലെ ജമീൽ പാറാവുകാരന്റെ ഭാവമാറ്റത്തിന് നിമിത്തമായതെന്ത്?

(A) മരണക്കുറിപ്പ് കണ്ടത്

(B) അവസാന കത്ത് കണ്ടത്

(C) വെള്ളായിയപ്പന്റെ കണ്ണുനീർ

(D) വെള്ളായിയപ്പന്റെ കൈയിലെ പൊതിച്ചോറ്

**13.** സാഹിത്യാസ്വാദനത്തിലും വിശകലനത്തിലും പ്രാധാന്യമുള്ള ഏതിനെന്നാണ് ലേഖകന്റെ അഭിപ്രായം?

(A) സാഹിത്യ വിമർശനം

(B) സാഹിത്യ വിശകലനം

(C) സാഹിത്യനിരൂപണം

(D) സാഹിത്യാസ്വാദനം

**14.** വർധക്യത്തിലെ അവശതകളും അവിവേകങ്ങളും പ്രമേയമായ കഥയാണ്

(A) പൊന്നുരുക്കുകയാണ്

(B) ഉതുപ്പാന്റെ കിണർ

(C) കടൽത്തീരത്ത്

(D) കർണ്ണ പർവ്വം



Unnati Educations
9899436384, 9654279279

**15.** പുന്നെല്ലരിച്ചോറിന്റെ ഗന്ധം ഉള്ളത് എന്തിനായിരുന്നു?

(A) കുങ്കുമപ്പൂവിന്

(B) കണ്ണാന്തളിപ്പൂവിന്

(C) കോളാമ്പിപ്പൂവിന്

(D) ഓണസ്സദ്യക്ക്

**16.** പാശ്ചാത്യലോകത്തിന്റെ സാംസ്കാരിക പ്രഭാവം എവിടെ നിന്നായിരുന്നു ?

(A) റോമ

(B) ഏതൻസ്

(C) ഗ്രീസ്

(D) മെസപ്പൊട്ടേമിയ

**17.** താഴെപ്പറയുന്നതിൽ അനുപ്രാസമുള്ള കടങ്കഥയേത്?

(A) മുറ്റത്തെ ചെപ്പിനടപ്പില്ല

(B) കിക്കിലുക്കും കിലുകിലുക്കും ഉത്തരത്തിൽ ചത്തിരിക്കും

(C) കടകത്തിച്ചു തല കുത്തിച്ചു

(D) അപ്പത്തിൽക്കൂടും അടയിൽകൂടില്ല

**18.** സബർമതി ദൂരെയാണ് എന്ന നാടകത്തതിലെ കഥാപാത്രം അല്ലാത്തത് ആര്?

(A) ഗാന്ധിജി

(B) തേവൻ

(C) ശാന്തി

(D) വേണു

**19.** ദേവേന്ദ്രൻ എന്തിനാണ് ഭൂമിയിൽ വന്നത് ?

(A) ഭൂമിയിൽ മഴപെയ്യിക്കുന്നതിനായി

(B) ഭൂമിയിൽ മരണം ഉണ്ടാക്കുന്നതിനായി

(C) കാലന്റെ തപസ്സുമുടക്കുന്നതിനായി

(D) ഭൂമിയിലെ മരണമില്ലാത്ത അവസ്ഥയ്ക്ക് പരിഹാരം തേടി



Unnati Educations
9899436384, 9654279279

**20.** നമ്മുടെ പുരാണങ്ങളുമായും നാട്ടുപഴമകളുമായും ബന്ധപ്പെട്ട് സമൂഹ മനസ്സിൽ ഉറച്ചുപോയ സങ്കല്പത്തിന്റെ പേരെന്ത് ?

(A) മിത്ത്

(B) ആചാരം

(C) അനുഷ്ഠാനം

(D) വിശ്വാസം

**II.** ഏതെങ്കിലും 5 എണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഒരു മാർക്കുവീതം. 1×5=5

**21.** ദൈവദ്രോഹക്കുറ്റം ആരോപിച്ച് ശിക്ഷിക്കപ്പെട്ട ഗ്രീക്ക് തത്വജ്ഞാനിയുടെ പേരെന്ത്?

**22.** നഷ്ടബോധത്തിന്റെ സങ്കീർത്തനം എന്ന് വിശേഷിപ്പിക്കാവുന്ന ലേഖനം ഏത്?

**23.** ഓരോ അണുവും സുഖകരമായ വെളിച്ചത്തോടെ പ്രകാശിക്കുന്നതായി അവൾക്കു തോന്നി ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?

**24.** ഗാന്ധിജി സ്വയം മുടിമുറിക്കാൻ തീരുമാനിച്ചത് ഏത് രാജ്യത്ത് വെച്ചാണ്?

**25.** കഥയ്ക്ക് ജീവൻ നല്കുന്ന ഘടകം ഏതെന്നാണ് ലേഖകൻ സൂചിപ്പിക്കുന്നത്?

**III.** അഞ്ചെണ്ണത്തിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. 1×5=5

**26.** കുഞ്ചൻ നമ്പ്യാരുടെ ഒരു സാങ്കല്പിക രചനയാണ് ...............

**27.** മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവൽ.............ആണ്

**28.** താമരക്കൈ വീശി തടാകം............കിളിയെ മാടിവിളിക്കുന്നു

**29.** ഇതെന്റെ ............ഡോക്ടർ ഫിയാൻസിയാണ്.

**30.** ............. തുല്യം മനോഹാരിതയുള്ളവനാണ് മരിച്ചുകിടക്കുന്ന അഭിമന്യു.



Unnati Educations
9899436384, 9654279279

**IV.** അടിവരയിട്ട ഭാഗം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക. 1×5=5

**31.** കിണർവെള്ളം കിട്ടിയപ്പോൾ ഉതുപ്പാനെ എല്ലാവരും മറന്നു.

**32.** തീവണ്ടിയാപ്പീസിന്റെ മുറ്റത്ത് നിന്നിരുന്ന കുതിരവണ്ടിക്കാർ വണ്ടിവേണോ എന്ന് വെള്ളായിയപ്പനോട് ചോദിച്ചു.

**33.** നാടകമായിരുന്നു സെബാസ്റ്റ്യന്റെ ഏക ദൗർബല്യം.

**34.** നിർജീവമാം ദേഹമടക്കിയപെട്ടി കടന്നു പോയത് കവി വീട്ടിൽ നില്ക്കുമ്പോഴായിരുന്നു.

**35.** സൂര്യന്റെ വല്ലായ്മ കണ്ട് അന്തിത്തിരിയിലെ പെൺകുട്ടിയുടെ മനസ്സലിഞ്ഞുപോയി

**V.** അടിവരയിട്ട ചേരുംപടി ചേർക്കുക (രണ്ടു ഭാഗവും എഴുതണം) 1×5=5

| | | |
|---|---|---|
| **36.** | ഉള്ളൂർ | മഞ്ഞ് |
| **37.** | എം.ടി. വാസുദേവൻ നായർ | കലയും കാലവും |
| **38.** | എം.പി. പോൾ | കർണ്ണഭൂഷണം |
| **39.** | ടി.ബി. വേണുഗോപാലപ്പണിക്കർ | സ്നേഹദൂതൻ |
| **40.** | ജി. ശങ്കരപ്പിള്ള | വാക്കിന്റെ വഴികൾ |

**VI.** അടിവരയിട്ടതിന് പകരം പദം എഴുതുക. 1×5=5

**41.** ഫാലഫലകം

**42.** നീരവം

**43.** നിശീഥം

**44.** ഉഡു.

**45.** അജറ



Unnati Educations
9899436384, 9654279279

**VII.** ചേർത്തെഴുതുക (അഞ്ചെണ്ണം) 1×5=5

**46.** പാറി+പറക്കുക

**47.** നിത്യ+ആനന്ദം

**48.** പുര+ഇടം

**49.** ലോക+ഉപകാരി

**50.** പശ്ചാത്+താപം

**VIII.** ഏതെങ്കിലും പത്തെണ്ണത്തിന് *20-25* വാക്കുകളിൽ ഉത്തരമെഴുതുക. 10×2=20

**51.** ഗാന്ധിജിയുടെ മുടി മുറിക്കാത്തതിൽ ക്ഷുരകന്റെ ഭാഗത്ത് തെറ്റില്ലെന്ന് ഗാന്ധിജി ചിന്തിച്ചതെന്തുകൊണ്ട്?

**52.** മനോജിന് ഡോക്ടറായ അമ്മതന്നെ മയക്കുമരുന്ന് എത്തിച്ചുകൊടുത്തത് എന്തുകൊണ്ട്?

**53.** ഇന്ത്യയുടെ വിദേശനയത്തിലെ ദൗർബല്യം എന്താണെന്നാണ് ലേഖകന്റെ അഭിപ്രായം?

**54.** കൊച്ചുപക്ഷിയാം ഞാനോ കിളി ഇങ്ങനെ പറയുവാൻ കാരണമെന്തായിരിക്കും?

**55.** റബ്ബേ കെട്ട്യോളാണ് എന്ന് കുഞ്ഞുപാത്തുമ്മ അന്തം വിട്ടുപറഞ്ഞു പോകുവാൻ കാരണമെന്താകും?

**56.** കാലനില്ലാത്തകാലത്ത് മാംസഭോജികൾക്ക് സംഭവിച്ച ദുരവസ്ഥ എന്ത്?

**57.** ദേവേന്ദ്രൻ എന്തുകൊണ്ടാണ് കർണ്ണന്റെ കവചകുണ്ഡലങ്ങൾ ദാനമായി ചോദിച്ചുവാങ്ങിയത്?



Unnati Educations
9899436384, 9654279279

**58.** എന്തുകൊണ്ടാകാം ഉതുപ്പാന്റെ കിണർ നിർത്തണമെന്ന് അധികാരികൾ പരസ്യപ്പെടുത്തിയത്?

**59.** ഗാഢമായ പിതൃപുത്ര ബന്ധത്തിന്റെ ഊഷ്മളത തെളിയിക്കുന്ന ഒരു സന്ദർഭം കടൽത്തീരത്ത് എന്ന കഥയിൽ നിന്ന് എഴുതുക.

**60.** പുരാണ കഥകളിൽ പൊതുവേ കാണുന്ന കഥാപാത്രങ്ങളുടെ തരംതിരിവ് എങ്ങനെ?

**61.** സെബാസ്റ്റ്യൻ നാടകസമിതി പിരിച്ചുവിടാനുള്ള സാഹചര്യമെന്ത്?

**62.** ആസന്നമൃത്യുവാം നിശ്വേഷ്ട മാരുതൻ- കാറ്റിനു മരണം അടുത്തതായി കവി കല്പിക്കുന്നതെന്തുകൊണ്ട്?

**63.** മാറത്തെ മൂവിഴ നൂലിൽ വലംവിരൽ നാലഞ്ചുവട്ടം ചലിച്ചു- ഈ വരിയിൽ വെളിപ്പെടുത്തുന്ന ഭാവം എന്ത്?

**64.** കൃഷ്ണൻ കോമളത്തിരുമേനിയെ എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത്?

**65.** സ്കൂളില്ലാത്ത ദിവസങ്ങളിൽ വന്നേരിയിലെ കുട്ടികൾ എന്തൊക്കെയാണ് ചെയ്യുന്നത്?

**IX.** ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് *40-45* വാക്കുകളിൽ ഉത്തരമെഴുതുക. 3×5=15

**66.** കലയും കാലവും തമ്മിലുള്ള ബന്ധം ചുരുക്കി വിവരിക്കുക.

**67.** ഭാഷയിലെ അലങ്കാരങ്ങളും കടങ്കഥകളും തമ്മിലുള്ള ബന്ധം രണ്ട് ഉദാഹരണങ്ങളിലൂടെ വിവരിക്കുക.

**68.** സബർമതി ദൂരെയാണ് എന്ന നാടകത്തിലെ വേണു എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?


Unnati Educations
9899436384, 9654279279

**69.** യാഗം അവസാനിപ്പിച്ച് കാലൻ ദൈനംദിന പ്രവൃത്തിയിലേക്ക് മടങ്ങി വന്നാൽ ഉണ്ടാകാവുന്ന സംഭവങ്ങൾ സങ്കല്പിച്ച് ഒരു ഖണ്ഡിക എഴുതുക.

**70.** നിസാർ അഹമ്മദിന് കുഞ്ഞുപാത്തുമ്മയോട് സ്നേഹം വെളിവാക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?

**71.** കൂടറിയുന്നില്ല പക്ഷിതൻ സങ്കടം എന്ന ശീർഷകത്തിന്റെ ഔചിത്യം പാഠഭാഗത്തെ ആശയത്തെക്കൂടി അടിസ്ഥാനമാക്കി വ്യക്തമാക്കുക

**72.** ലേഖകൻ തന്റെ വീടിനെ കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് അയൽപക്കം എന്ന ഉപനിഷത്ത് എന്ന പാഠഭാഗത്ത് വിശദമാക്കുന്നത്?

**73.** അവരൊക്കെ എന്തിനാ വിഷമിക്കണെ? അവരൊക്കെ അല്ലെ എന്നെ ഇങ്ങനെയാക്കിയത്. മനോജിനെ ഇങ്ങനെയാക്കിയതിൽ മാതാപിതാക്കൾക്കുള്ള പങ്കെന്ത്?

**X.** താഴെ പറയുന്ന ചോദ്യങ്ങൾക്ക് *100-150* വാക്കുകളിൽ ഉത്തരമെഴുതുക. 3×5=15

**74.** (എ) ലളിത ജീവിതത്തിന്റെയും സ്വാശ്രയ ജീവിതത്തിന്റെയും പ്രാധാന്യം വ്യക്തമാക്കുന്ന ഒരു ലഘു പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(ബി) ബഷീറിന്റെ മൂല്യബോധവും ലോകവീക്ഷണവും പ്രകടമാക്കുന്ന കൃതിയാണ് ന്റെുപ്പൂപ്പാക്കൊരാനേണ്ടാർന്ന് പാഠഭാഗത്തെ ആസ്പദമാക്കി സമർഥിക്കുക

**75.** (എ) ഉപഭോക്തൃ സംസ്കാരം ആനുകാലിക ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം എന്ന വിഷയത്തിൽ ഒരു ലഘു ഉപന്യാസം തയ്യാറാക്കുക. ഉതുപ്പാന്റെ കിണർ എന്ന കഥയിലെ ആശയതലം കൂടി പരിഗണിക്കേണ്ടതാണ്.



Unnati Educations
9899436384, 9654279279

**അല്ലെങ്കിൽ**

(ബി) വാർധക്യത്തിലെ ഒറ്റപ്പെടൽ കർണ്ണപർവം എന്ന കഥയിൽ വരച്ചു കാണിച്ചിരിക്കുന്നതെങ്ങനെ? വിശദമാക്കുക.

**76.** (എ) തുള്ളൽ കൃതികളിലെ സാമൂഹികവിമർശനം, ഫലിതം, പരിഹാസം എന്നിവ കാലനില്ലാത്ത കാലം എന്ന പാഠ ഭാഗത്തെ അടിസ്ഥാനപ്പെടുത്തി വിവരിക്കുക.

**അല്ലെങ്കിൽ**

(ബി) അന്തിത്തിരി എന്ന കവിതയെ ആധാരമാക്കി ഇടശ്ശേരിയുടെ കാവ്യദർശനം വിലയിരുത്തുക

★ ★ ★



Unnati Educations
9899436384, 9654279279